(ചരിത്രത്തിലെ ചാരുദൃശ്യം - ഒരു പഠനം)

# ചരിത്രത്തിൻറെ ശൈലീവത്ക്കരണം

-പ്രൊഫ. പി. ആർ. ഹരികുമാർ

**ക**വിതയിൽ വാസ്തവികതയും സാങ്കല്പികതയും സമന്വയിപ്പിക്കുന്നതിലെ വ്യതിരിക്തതയും അതിനുമീതെ കവി വിതറുന്ന മാനവികതയുടെ നറുത്ത മോമ്പൊടിയുമാണ് പലപ്പോഴും വൈലോപ്പിള്ളിക്കവിതകളെ മലയാളത്തിൻറെ മാമ്പഴക്കാലമായി കരുതാൻ ആസ്വാദകരെ പ്രേരിപ്പിക്കുന്നത്. അദ്ദേഹത്തിൻറെ കവിതകളുടെ കൂട്ടത്തിൽ അധികം ശ്രദ്ധിക്കാതെ പോയ ഒരു രചനയാണ് 'ചരിത്രത്തിലെ ചാരുദൃശ്യം'. വിട എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ കവിത രചിക്കപ്പെട്ടത് 1963 ലാണ്. കേരളവ്യാസൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻറെ (1865-1913) ജന്മശതാബ്ദി ആഘോഷിച്ച അവസരത്തിൽ വൈലോപ്പിള്ളി അവതരിപ്പിച്ചതാണ് ഈ കവിതയെന്ന് രേഖപ്പെടുത്തിക്കാണുന്നു. വൈലോപ്പിള്ളിക്കവിതകളിൽ ചരിത്രം പ്രധാനവിഷയമായി മാറുന്ന ചുരുക്കം കവിതകളിൽ ഒന്നാണ് ചരിത്രത്തിലെ ചാരുദൃശ്യം.

## ചരിത്രവും കവിതയും

കവി കാവ്യവിഷയമായി പരിഗണിക്കുന്ന വൈയക്തികമോ സാമൂഹികമോ ആയ പലതും വാസ്തവത്തിൽ എഴുതപ്പെട്ട ചരിത്രത്തിന്റെ ഭാഗമായി നിലനിന്നതോ അനുവാചകന്റെ മനസ്സിൽ നേരത്തെ ഇടം പിടിച്ചതോ ആകാം. അങ്ങനെയാണ് കവിതവിചാരത്തിനുള്ളിൽ ചരിത്രം പ്രസക്തമായിത്തീരുന്നത്. മനുഷ്യൻ ശരീരവുമായി എങ്ങനെയോ അങ്ങനെ കവി ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയാം. ശരീരത്തിലിരുന്നുകൊണ്ട് നാം സ്വപ്നം കാണുന്നതുപോലെ കവി ചരിത്രത്തിലിരുന്നുകൊണ്ട് കവിത രചിക്കുകയാണെന്നും പറയാം. രണ്ടും ഒരുപോലെ പരിമിതികളെയും പരിധികളെയും അതിവർത്തിക്കാനുള്ള ആഗ്രഹപൂർത്തീകരണത്തിൻറെ സന്ദർഭങ്ങളായി മാറുന്നു. വാസ്തവത്തിൽ നമുക്ക് ലഭിക്കുന്ന ഗ്രന്ഥങ്ങളാകെ ചരിത്രത്തിൻറെ സൂക്ഷിപ്പുമുറികളാണെന്നു പറയാം. നാം കണ്ടതും കേട്ടതും കാണുന്നതും കേൾക്കുന്നതും ചരിത്രത്തിൻറെ ഭാഗമായതോ ഭാഗമായി മാറേണ്ടതോ ആണ്. ആ നിലയ്ക്ക് കവിയുടെ സ്ഥലം അഥവാ അരങ്ങ് ചരിത്രമാണെന്നു പറയേണ്ടിവരും. എന്നാലും കവിതയെ ചരിത്രത്തിൻറെ പര്യായമായി നാം പരിഗണിക്കാറില്ല. കാരണം, കവിതയ്ക്ക് രൂപപരമായി മറ്റൊന്നു ആയിത്തിരുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. കവിമനസ്സും കാവ്യഭാഷയും ചേർന്നൊരുക്കുന്ന ആ രസതന്ത്രത്തിനു മുന്നിൽ ചരിത്രവസ്തുതകൾ വിദൂരസാന്നിദ്ധ്യമായി ചുരുങ്ങിപ്പോകും. ഇതു വിശദമാക്കാനായിരിക്കണം കവിത ചരിത്രത്തെക്കാൾ കൂടുതൽ തത്വചിന്താപരമാണെന്ന പ്രസ്താവത്തിലൂടെ അരിസ്റ്റോട്ടിൽ ശ്രമിച്ചത്.

വൈലോപ്പിള്ളിക്കവിതയിൽ ചരിത്രം ഭാവനാത്മകമായ പുതിയ സത്യത്തോടൊപ്പം കലർന്ന് സൌന്ദര്യാത്മകമായ മാനം കൈവരിക്കുന്നതിൻറെ ഉദാഹരണങ്ങൾ നിരവധിയാണ്. ഓണപ്പാട്ടുകാർ, കുടിയൊഴിക്കൽ എന്നിവ പോലുള്ള കവിതകൾ നമുക്കിവിടെ ഓർക്കാവുന്നതാണ്. വ്യത്യസ്തമായ സ്ഥലകാലങ്ങളിലൂടെയുള്ള സഞ്ചാരം ഒട്ടുമിക്ക വൈലോപ്പിള്ളിക്കവിതകളിലും നാം കാണുന്ന സംഗതിയാണ്. എന്നാൽ ചരിത്രത്തിലെ ചാരുദൃശ്യം എന്ന കവിതയിൽ ഒരു ചരിത്രപുരുഷനെ അദ്ദേഹം വ്യാപരിച്ച

സ്ഥലകാലചരിത്രപശ്ചാത്തലം കവിതയിൽ അടയാളപ്പെടുത്തുവാനാണ് കവി ശ്രമിക്കുന്നത്. മലയാളകവിതയ്ക്ക് ഓർത്തുവയ്ക്കാവുന്ന സംഭാവനകൾ നല്കിയ കുഞ്ഞിക്കുട്ടൻ തമ്പുരാനെ കവി എന്ന നിലയിലും മനുഷ്യൻ എന്ന നിലയ്ക്കും വൈലോപ്പിള്ളി ബോധപൂർവം അനുസ്മരിക്കുകയാണ് ഈ കവിതയിൽ. എന്നാൽ, അത് ഏകമുഖമായ ഒരു അനുസ്മരണമാകാതെ കേരളത്തിൻറെ ചരിത്രത്തിലേക്കും സ്ഥലകാലങ്ങളിലേക്കും സാംസ്കാരികമുദ്രകളിലേക്കും മാനവികപ്രശ്നങ്ങളിലേക്കും സംവേദനശീലനായ ഒരു കവി നടത്തുന്ന തീർത്ഥാടനമായി മാറുന്നു. സ്രഗ്ദ്ധരാ വൃത്തത്തിലുള്ള പതിനൊന്ന് ശ്ലോകങ്ങളിലൂടെ മലയാളകവിതയിൽ സംഭവിച്ച അതിശയകരമായ ഒരു നൌകാസഞ്ചാരത്തെ കേരളചരിത്രത്തിലെ ചാരുദൃശ്യമായി അവതരിപ്പിച്ചുകൊണ്ട് മലയാളിയുടെ ചരിത്രബോധത്തെ സൂക്ഷ്മവും കാവ്യാനുഭവത്തെ സൂക്ഷ്മതരവും പ്രപഞ്ചദർശനത്തെ സൂക്ഷ്മതമവുമാക്കുന്ന മായാജാലം ഇക്കവിതയിലും കവി കാഴ്ചവയ്ക്കുന്നു.

## ചരിത്രത്തിൻറെ മൂന്ന് തലങ്ങൾ

ചേലാളും ചൂർണ്ണി വാരാശിയെ നിഭൃതരസം
പുല്കമദ്ദിക്കു, ലക്ഷ്മീ-
ദോലാഭം കപ്പൽ തിങ്ങുന്നൊരു തുറമുഖമായ്
പണ്ടു രാജിച്ചിരുന്നു

എന്ന മട്ടിലുള്ള കവിതയുടെ തുടക്കം കൊടുങ്ങല്ലൂരിൻറെ പഴയ ചരിത്രത്തെ ഓർത്തുകൊണ്ടാണ്. വാത്മീകിരാമായണത്തിൽ പരാമർശിച്ചുകാണുന്ന മുരചീപത്തനവും തമിഴ്കൃതികളിൽ വർണ്ണിച്ചിരിക്കുന്ന മുചിറിയും കൊടുങ്ങല്ലൂർ തന്നെയാണെന്നു ചരിത്രകാരന്മാർ കരുതുന്നു. ഗ്രീക്കുകാരും റോമാക്കാരും ഈ പട്ടണത്തെ മുസിരിസ് എന്നാണു വിളിച്ചിരുന്നത്. ചേരസാമ്രാജ്യത്തിൻറെ തലസ്ഥാനനഗരിയെന്ന നിലയിൽ അനേകനൂറ്റാണ്ടുകൾ കൊടുങ്ങല്ലൂർ വിശ്വവിഖ്യാതമായിരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായി പ്ളിനി കൊടുങ്ങല്ലൂരിനെ വിശേഷിപ്പിക്കുന്നുണ്ട്. ഒരു വൻകിട വാണിജ്യകേന്ദ്രമെന്ന നിലയിൽ ടോളമിയും പെരിപ്ളസുകാരനും ഈ നഗരത്തെ വിശേഷിപ്പിച്ചു കാണുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ നല്ലൊരു തുറമുഖവും കച്ചവടകേന്ദ്രവുമായിരുന്ന കൊടുങ്ങല്ലൂരിൻറെ പ്രാധാന്യം പതിന്നാലാം നൂറ്റാണ്ടിന്റെ പകുതിവരെ നിലനിന്നുപോന്നു. എന്നാൽ 1341-ൽ ഉണ്ടായ വലിയൊരു വെള്ളപ്പൊക്കത്തിൻറെ ഫലമായി കൊടുങ്ങ്ല്ലൂർ അഴിയുടെ ആഴം കുറയുകയും കൊച്ചിയിൽ പുതിയ കായലുകൾ രൂപപ്പെടുകയും ചെയ്തതോടെ കൊടുങ്ങല്ലൂരിൻറെ ഖ്യാതി കുറയുകയും കൊച്ചി പ്രധാനതുറമുഖമായി മാറുകയും ചെയ്തു. എന്നാൽ കാലക്രമത്തിൽ കൊടുങ്ങല്ലൂർക്കളരി കേന്ദ്രമാക്കി സംസ്കൃത-മലയാളങ്ങൾ കൂടിച്ചേർന്ന് വെണ്മണിപ്രസ്ഥാനമെന്ന പേരിൽ പുതിയൊരു തുറമുഖം ഉണ്ടായി വന്നതിനെക്കുറിച്ചാണ് തുടർന്ന് കവി സൂചിപ്പിക്കുന്നത്. വിദ്യാദാനത്തിലും സാഹിത്യസംവാദത്തിലും നേതൃസ്ഥാനം വഹിച്ചിരുന്ന കൊടുങ്ങല്ലൂർക്കളരി എന്ന സാംസ്കാരികകേന്ദ്രത്തെ ഓർത്തുകൊണ്ട് അവിടം അറിവിൻറെ സമൃദ്ധി വേണ്ടുവോളമുണ്ടായിരുന്ന ഒരു വാണിജ്യകേന്ദ്രമായിരുന്നു എന്നും പറഞ്ഞുവയ്ക്കുന്നു. പഴയ കലകളെല്ലാം ജീർണ്ണിച്ചുപോയെങ്കിലും അക്കാലത്തെഴുതപ്പെട്ട പല കവിതകളും തേനുലാവുന്ന നാവാൽ പഴയകാലത്തിൻറെ മഹിമകൾ ഇന്നും വിളിച്ചുപറയുന്നുണ്ട്. അങ്ങനെ വൈലോപ്പിള്ളി കൊടുങ്ങല്ലൂരിൻറെ രാജ്യചരിത്രത്തിൽ നിന്നു മലയാളകവിതയുടെ പരിണാമചരിത്രത്തിലേക്കു വരുന്നു. അവിടെ മലയാളവാണിയുടെ പ്രാധാന്യം വീണ്ടെടുക്കാൻ ഒരു കൂട്ടം കവികൾ നടത്തിയ മഹത്തായ പരിശ്രമത്തെ ആദരപൂർവം ഓർത്തുകൊണ്ടാണ് അക്കാലത്തെ ഏറ്റവും വലിയ സാഹിത്യസംഭവമായ മഹാഭാരതതർജ്ജമയിലേക്കും അതിനു കാരണക്കാരനായ കുഞ്ഞിക്കുട്ടൻതമ്പുരാനിലേക്കും കവി എത്തിച്ചേരുന്നത്.

ഉണ്ണിൽ കാവ്യം തുളുമ്പും തുറമുഖമിതിൽനി-
ന്നന്നൊരാൾ കൊച്ചുനാടൻ-

തോണിക്കുള്ളിൽ കടന്നാൻ ഭയജനകമഹാ-
ഭാരതത്തിൻ സമുദ്രം.

മലയാളവാണിയാകുന്ന നാടൻതോണിയിൽ ഭാരതസമുദ്രത്തിലൂടെ തമ്പുരാൻ ധീരമായി സഞ്ചരിക്കുകയും മൂന്നാണ്ടിനുള്ളിൽ(29 മാസം) യാത്ര പൂർത്തിയാക്കി ആഴിക്കെട്ടോട്ടുകൂടിയ കേരളഭൂമിക്ക് പുതിയൊരു കടൽ കൂടി സമ്മാനിച്ചതുമാണ് വാസ്തവത്തിൽ ചരിത്രത്തിലെ ചാരുദൃശ്യം. (പരശുരാമൻ മഴവെറിഞ്ഞ് കടൽ മാറ്റി കര സൃഷ്ടിക്കുകയും അതിനു കേരളം എന്ന് പേരിടുകയും ചെയ്തു എന്ന് ഐതീഹ്യം പറയുമ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാൻ ആ കരയിലിരുന്നുകൊണ്ട് തൻറെ തൂലികകൊണ്ട് കേരളീയരുടെ ഭാവഭാവനകൾക്ക് എക്കാലത്തും നീന്തിത്തുടിക്കാൻ ജീവിതത്തിലെ നിത്യാനിത്യങ്ങളും ലളിതഗൌരവങ്ങളുമായ നാനാഭാവങ്ങൾ ഇളകിമറിയുന്ന ആഴമേറിയ പുതിയൊരു കടലൊരുക്കിക്കൊടുത്തിട്ട് അതിനു മഹാഭാരതം എന്ന് പേരിട്ടു എന്നറിയുന്നതിലെ ചാരുത വൈലോപ്പിള്ളി തിരിച്ചറിഞ്ഞു എന്നതാണ് ഈ കവിതയുടെ സൌന്ദര്യതലത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകം എന്നു ഞാൻ കരുതുന്നു.) അതിൻറെ പരപ്പിൽ ഇപ്പോഴും കെട്ടാതെ കിടക്കുന്ന ദ്രൌപദിയുടെ തലമുടിയും കോപം നുരയ്ക്കുന്ന ഭീമന്റെ അട്ടഹാസവും ഭഗവാൻറെ പാഞ്ചജന്യപ്രണാദവും നിലനില്ക്കുന്നതായി സംഘർഷപ്രേമിയായ വൈലോപ്പിള്ളി കാണുന്നത് കൌതുകകരം തന്നെ. മലയാളിയുടെ തികച്ചും ഗ്രാമീണമായിരുന്ന ജീവിതാവബോധത്തെ വിശ്വത്തോളം വിശാലമാക്കാൻ മുമ്പ് എഴുത്തച്ഛൻ നടത്തിയ പരിശ്രമത്തിനു സമശീർഷമാണ് തമ്പുരാൻറെ യത്നമെന്ന് പറയാം. അതുകൊണ്ടാണ് തമ്പുരാൻറെ നാടൻതോണിയുടെ അണിയത്ത് വൈലോപ്പിള്ളി ബോധപൂർവം എഴുത്തച്ഛൻറെ കിളിയെത്തന്നെ പ്രതിഷ്ഠിച്ചുകാണുന്നത്.

കൈരളിയുടെ ചരിത്രത്തിലെ ആ മഹാസംഭവത്തെ പരാമർശിച്ചതിനുശേഷം കുഞ്ഞിക്കുട്ടൻതമ്പുരാൻറെ വ്യക്തിജീവിതത്തിലെ ചിത്രങ്ങൾ പലതും കവി അവതരിപ്പിക്കുന്നു. മഹാഭാരതതർജ്ജുമയ്ക്ക് കാട്ടിയ ധൈര്യത്തോടൊപ്പം (ക്ഷാത്രത്താൽ വായ്ക്കുമുത്സാഹം) മകൾ സരസ്വതിക്കു നല്കാനായി ഷേക്സ്പിയർ നാടകത്തിൻറെ തർജ്ജുമയ്ക്ക് ശ്രമിച്ചതും ജാതിഭേദങ്ങൾക്കപ്പുറം സൌഹൃദങ്ങൾ സൂക്ഷിച്ചതും നർമ്മം പേശിക്കൊണ്ടുള്ള സുഹൃത്തുക്കൾക്കിടയിലെ പെരുമാറ്റവും പരിഷ്കാരസൂരപ്രകാശത്തോടുള്ള ആഭിമുഖ്യവും ജീവിതഗൂഢതത്ത്വം വായിച്ചെടുക്കാനുള്ള തിരക്കും എടുത്തുപറയുന്നുണ്ട്. കാണുന്ന കമ്പിലും കല്ലിലും ചരിത്രപ്പഴമ തിരഞ്ഞിരുന്ന തമ്പുരാൻറെ സ്വഭാവവും കവി ഇവിടെ സ്മരിക്കുന്നു. സ്വതേ ഭക്തനായിരുന്ന തമ്പുരാൻ നടുവയസ്സിൽ ഒരു ദിവസം ക്ഷേത്രനട നിർബന്ധപൂർവം തുറപ്പിച്ച് ദർശനം നടത്തിയതായും യാത്രക്കമ്പം വേണ്ടുവോളമുണ്ടായിരുന്ന അദ്ദേഹം പിന്നൊരിക്കലും ദർശനം നടത്താനാവാതെ അന്ത്യയാത്ര ചെയ്തതായും കവി ഓർക്കുന്നു.

കൊടുങ്ങല്ലൂരിൻറെ രാജ്യചരിത്രവും മലയാളകവിതയുടെ പ്രസ്ഥാനചരിത്രവും തമ്പുരാൻറെ ജീവചരിത്രവും ഇഴപിരിക്കാനാവാത്ത വിധം പരസ്പരബന്ധിതമെന്ന മട്ടിൽ ഇക്കവിതയിൽ അവതരിപ്പിക്കപ്പെടുന്നു. സംസ്കൃതമലയാളങ്ങളുടെ സംഗമത്തിലൂടെ മണിപ്രവാളപ്രസ്ഥാനവും നാടൻതോണിയിലൂടെ പച്ചമലയാളപ്രസ്ഥാനവും മഹാഭാരതസമുദ്രസഞ്ചാരത്തിലൂടെ ഭാരതവിവർത്തനമെന്ന മഹാസംഭവവും സൂചിതമാകുന്നു. ചുരുക്കത്തിൽ, പതിനൊന്നു ശ്ലോകങ്ങളിലൂടെ മൂന്നുതരം ചരിത്രധാരകളെ ഏകത്ര സമന്വയിപ്പിച്ചുകാട്ടുന്ന കരവിരുതാണ് വൈലോപ്പിള്ളി കാഴ്ചവയ്ക്കുന്നത്. കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്ന കവി ചരിത്രത്തോടൊപ്പം സഞ്ചരിക്കുക മാത്രമല്ലാ ചരിത്രത്തിനു തൻറേതായ സംഭാവനകൾ നല്കുകകൂടി ചെയ്തു എന്ന വസ്തുത ഭംഗിയായി പറഞ്ഞുവയ്ക്കാനും വൈലോപ്പിള്ളിക്കു കഴിഞ്ഞിരിക്കുന്നു.

## ചരിത്രത്തിൻറെ ശൈലീവത്ക്കരണം

കവിയുടെ ഏറ്റവും വലിയ ആദർശം ഔചിത്യമാണെന്ന് ക്ഷേമേന്ദ്രൻ പറയുന്നുണ്ടല്ലോ. കവിതയുടെ ജൈവഘടനയെക്കുറിച്ച് അറിയുന്ന ഒരു

കവിയ്ക്കോ വായനക്കാരനോ അത് ശരിയാണെന്ന് പറയാതെയും വയ്യ. വൈലോപ്പിള്ളിയാകട്ടെ ആ കാവ്യാദർശത്തിൻറെ പൂർണ്ണതയെ കവികർമത്തിലേക്ക് ആവാഹിക്കാൻ ജന്മമെടുത്ത പ്രതിഭാശാലിയും. അപ്പോൾപ്പിന്നെ അങ്ങനെയുള്ളൊരാൾ ഏത് വിഷയം കവിതയിൽ ആവിഷ്കരിക്കുമ്പോഴും അതിനാവശ്യമായ ചില മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വഴി കാവ്യഭാഷയിൽ പുതിയൊരു ശൈലീവത്ക്കരണം (Stylization) കൊണ്ടുവരിക എന്നത് അനിവാര്യമാണ്. ഇവിടെയും വളരെ സ്വാഭാവികമെന്ന മട്ടിൽ അത്തരത്തിൽ ചില വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ട്. മലയാളവൃത്തങ്ങളുടെ വൈവിദ്ധ്യമേറിയ പ്രയോഗത്തിലൂടെയും സ്വന്തമായ പദബിംബസ്വീകാരപദ്ധതിയിലൂടെയും ശ്രദ്ധേയമായിത്തീർന്ന വൈലോപ്പിള്ളിക്കവിതകളുടെ ലോകത്ത് പ്രത്യക്ഷത്തിൽത്തന്നെ ആ വ്യതിയാനം മറ്റൊരു ചാരുതയ്ക്ക് കാരണമായിത്തീർന്നിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളകവിതാശൈലിയെ പ്രതിനിധാനം ചെയ്യുന്ന കവിയായ കുഞ്ഞിക്കുട്ടൻതമ്പുരാനെ മുഖ്യമായി അനുസ്മരിക്കുന്ന ഈ കവിതയുടെ താളഘടന (Rhythm), പദശയ്യ (Diction), ബിംബയോജന (Imagery) എന്നിവയിലൊക്കെ സ്മര്യപുരുഷൻറെ സ്ഥലകാലങ്ങൾ വായനക്കാരിലേക്ക് സുഗമമായി വിനിമയം ചെയ്യാൻ പാകത്തിൽ പ്രകടമായും ചില മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. താളഘടനയിലൂടെ തമ്പുരാൻറെ കാലഘട്ടത്തിലേക്കും കാവ്യരീതികളിലേക്കും നമ്മെ പ്രത്യാനയിക്കാൻ മണിപ്രവാളക്കാരും ചമ്പൂകാരന്മാരും പച്ചമലയാളക്കാരും മുക്തകരചയിതാക്കളും കൂടുതലായി ഉപയോഗിച്ചിട്ടുള്ള സ്രഗ്ദ്ധര എന്ന സംസ്കൃതവൃത്തത്തെ(ഒറ്റവരിയിൽ ഇരുപത്തൊന്ന് അക്ഷരങ്ങൾ അണിനിരക്കുന്ന സമവൃത്തം) വൈലോപ്പിള്ളി ആവിഷ്കരണതന്ത്രത്തിൻറെ ആദ്യപടിയായി പരിഗണിച്ചിരിക്കുന്നു. വിവരണാത്മകമായ കവിതയ്ക്ക് ഒഴിവാക്കാനാവാത്ത വൃത്തമെന്ന പ്രത്യേകഖ്യാതി തന്നെ ഈ വൃത്തം നേടിയിട്ടുണ്ട്. വൃത്തസ്വീകരണത്തിൽ കവി പുലർത്തിയ ഈ നിഷ്കർഷ കവിതാവായനയുടെ ആദ്യനിമിഷങ്ങളിൽത്തന്നെ വെണ്മണികാവ്യപാരമ്പര്യത്തിലേക്കും കൊടുങ്ങല്ലൂർക്കളരിയുടെ അന്തരീക്ഷത്തിലേക്കും നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.

കവിത അടിസ്ഥാനപരമായി കവി ഉപയോഗിക്കുന്ന പദങ്ങളിലൂടെയും അവ തമ്മിൽച്ചേർന്ന് സൃഷ്ടിക്കുന്ന ബിംബങ്ങളിലൂടെയുമാണ് സംവേദനക്ഷമമാകുന്നത്. ഇക്കവിതയിൽ വൈലോപ്പിള്ളി പ്രയോഗിച്ചിരിക്കുന്ന പദസമൂഹം ഒരു നൂറ്റാണ്ടു മുമ്പ് മലയാളകവികൾ എടുത്തു പെരുമാറിയതെന്നു ചരിത്രബോധമുള്ള ഏത് അനുവാചകനും സമ്മതിക്കുന്ന തരത്തിലുള്ളവയാണ്. ലക്ഷ്മീദോലാഭം, കാലാതിക്രാന്തം, പ്രാജ്യവാണിജ്യകേന്ദ്രം, ഭസ്മരേഖാമഞ്ജുശ്രീ, കടമിഴിമുന, എന്നിങ്ങനെ എത്രയോ പദങ്ങൾ ഈ കൊച്ചുകവിതയിൽ നിന്ന് ഉദാഹരിക്കാനാവും. പദസ്വീകരണത്തിൽ കാട്ടിയ ഈ ശ്രദ്ധയോടൊപ്പം ചേർത്ത് പറയേണ്ടുന്ന ഒന്നാണ് ഭൂതകാലചിഹ്നങ്ങളായി പരിഗണിക്കാവുന്ന ചില പ്രത്യേകശൈലികളുടെ പ്രയോഗം. നിഭൃതരസം പുല്കുക, വായിൽ മണ്ണാകുക, ഉണ്ണിൽ കാവ്യം തുളുമ്പും, മുട്ടാതേർപ്പെട്ടു, നെഞ്ഞിൽക്കാണാവു, ക്ഷാത്രത്താൽ വായ്ക്കുമുത്സാഹം, യാത്രക്കമ്പം വിശേഷാൽ തടവിടും- ഇത്തരത്തിലുള്ള എണ്ണമറ്റ പ്രയോഗങ്ങളാൽ സമൃദ്ധമാണ് ഇക്കവിതയിലെ പതിനൊന്ന് ശ്ലോകങ്ങളും. അതുപോലെ കവി വിഷയോചിതമായി കവിതയുടെ ഘടനയിൽ വരുത്തുന്ന മറ്റൊരു വ്യതിയാനം വാക്കുകൾ ചേർന്ന് രൂപം നല്കുന്ന ചിത്രങ്ങളുടെ കാര്യത്തിലാണ്. ഇവയും കാവ്യചരിത്രത്തിലെ ചില പ്രസ്ഥാനഭേദങ്ങളെ വായനക്കാരൻറെ സ്മരണയിലെത്തിക്കാൻ കഴിവുറ്റവയാണ്. കടലൊളികലരും ധീരൻ, ഫാലപാർശ്വേ കലയുടെ മുടിചൂടുന്ന തമ്പുരാൻ, ഭവഹരഭഗവത്പാഞ്ചജന്യപ്രണാദം, ചേണിൽക്കാർമിന്നലഞ്ചും ചിരി, കോടിലിംഗേശൻ, പരിഷ്കാരസൂരപ്രകാശം, അതുലമണീകംഭം, സൌഹൃദസിതമണിയാം സുസ്മിതം എന്നിങ്ങനെ ചരിത്രപ്പഴമയും പുരാണസ്പർശവും വെളിവാക്കുന്ന ബിംബയോജനയിലൂടെ കവി കൈവരിക്കുന്ന ആശയലോകത്തിൻറെയും

അനുഭവലോകത്തിൻറെയും അന്തരീക്ഷം ഇക്കവിതയുടെ ജൈവരൂപത്തെ പൂർണ്ണമായ തോതിൽ പ്രതിനിധാനം ചെയ്യുന്നു. വാസ്തവത്തിൽ, ചില പ്രത്യേകതകൾ ഉള്ള സംസ്കൃതവൃത്തം സ്വീകരിച്ചതിലൂടെയും പത്തൊമ്പതാം നൂറ്റാണ്ടിലെ കാവ്യഭാഷയെ പദബിംബങ്ങളിലൂടെ പുന:സൃഷ്ടിച്ചതുവഴിയും വൈലോപ്പിള്ളി വളരെ സവിശേഷതകളുള്ള ഒരു ചരിത്രസന്ദർഭത്തിന് തൻറേതായ ശൈലീവത്ക്കരണത്തിലൂടെ കവിതയിൽ പ്രതിഷ്ഠ നല്കുകയായിരുന്നു എന്നു പറയാം.

## കവിയെ വായിക്കുന്ന കവി

ചരിത്രത്തിലെ ചാരുദൃശ്യം എന്ന കവിത ഒരു പ്രത്യേകജനുസ്സിൽ ഉൾപ്പെടുത്തി പരിഗണിക്കപ്പെടാനും യോഗ്യമാണെന്ന് തോന്നുന്നു. ഒരു കവി തൻറെ പൂർവഗാമിയോ സമകാലികനോ ആയ മറ്റൊരു കവിയെ കവിതകളിലൂടെ അനുഭവിക്കുകയും ആ അനുഭവവിശേഷത്തെ കാവ്യരൂപേണ ആവിഷ്കരിക്കുകയും ചെയ്യുന്ന തരം കവിതകൾ ഇരുപതാം നൂറ്റാണ്ടിൻറെ തുടക്കം മുതൽ മലയാളത്തിലും നാം കണ്ടുവരുന്നു. കവിമൃഗാവലി, കവിപുഷ്പമാല, കവിരാമായണം, കവിഭാരതം എന്നിവയിൽ കാണുന്നപോലുള്ള സരളതാരതമ്യങ്ങൾക്കപ്പുറം ഒരു കവിയുടെ രചനാസാകല്യത്തിൻറെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്ന് അനുഭവിച്ചെഴുതിയ കവിതകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഒരു പക്ഷേ ഏ.ആർ. രാജരാജവർമ്മയെ അനുസ്മരിച്ച് കുമാരനാശാൻ എഴുതിയ പ്രരോദനം ഇക്കാര്യത്തിൽ ദീപശിഖാവാഹിയായി മുമ്പേ നടക്കുന്നത് നാം കാണുകതന്നെ വേണം. അത്തരം ഗുരുത്വമുള്ള രചനകൾ എഴുപതുകൾക്ക് ശേഷം മലയാളത്തിൽ ഏറെ പിറവിയെടുത്തിട്ടുണ്ട്. അവയിൽ ചിലത് എടുത്തുപറയാതിരിക്കാൻ കഴിയാത്തവിധം മഹത്വമുള്ളതാണെന്നും പറയണം. ഇടശ്ശേരിയെക്കുറിച്ച് എം.ഗോവിന്ദനും വിഷ്ണുനാരായണൻനമ്പൂതിരിയും എഴുതിയവ, എഴുത്തച്ഛൻ, വൈലോപ്പിള്ളി എന്നിവരെക്കുറിച്ച് സച്ചിദാനന്ദൻ എഴുതിയവ, കുഞ്ഞിരാമൻ നായരെക്കുറിച്ച് ആറ്റൂർ എഴുതിയത്, ആശാനെക്കുറിച്ച് വിനയചന്ദ്രൻ എഴുതിയത് -ഇങ്ങനെ വ്യതിരിക്തമായ കാവ്യലോകങ്ങളുടെ അകവും പുറവും കാട്ടിത്തരുന്ന മഹത്തായ രചനകൾ മലയാളത്തിലും ഒരു പിടി ഉണ്ട്. വൈലോപ്പിള്ളി 1963-ൽ രചിച്ച ചരിത്രത്തിലെ ചാരുദൃശ്യം എന്ന ഈ കവിതയും ഇത്തരത്തിൽ കവിതാമാർഗത്തിൽ തനിക്കു മുമ്പേ കടന്നുപോയ ധീരനും മനുഷ്യസ്നേഹിയും നവപഥപ്രദർശകനുമായ മറ്റൊരു കവിയെ വായിച്ചെടുക്കാനുള്ള ശ്രമമായിരുന്നുവെന്ന് നമുക്ക് കാണേണ്ടി വരും.

കുഞ്ഞിക്കുട്ടൻതമ്പുരാൻറെ ജീവിതത്തിലെ സംഭവങ്ങളും സ്വഭാവപ്രത്യേകതകളും ഹൃദയപൂർവം എടുത്തുകാട്ടിയശേഷം വൈലോപ്പിള്ളി നടത്തുന്ന ഒരു പ്രസ്താവം തമ്പുരാനോടുള്ള അദ്ദേഹത്തിൻറെ ആദരവിനെ തുറന്നുകാട്ടുന്നു. ഭാഷയ്ക്കും കവിതയ്ക്കും പുതിയ തുറവികൾ സമ്മാനിച്ച പൂർവസൂരിയെക്കുറിച്ച് പറയുമ്പോൾ സാധാരണഗതിയിൽ പ്രകടിപ്പിക്കാറുള്ള വൈകാരികതയുടെ വെള്ളിമീൻച്ചാട്ടം ഈ വരികളിലും ഉണ്ടെന്ന് പറയാം.

കോലോത്താവാം ചിലപ്പോൾ ചെറുകുടിലിലുമാം
സർഗ്ഗചൈതന്യധാരാ-
ലീലോത്ക്കർഷം മഹത്താം പ്രതിഭയെ നരരൂ-
പത്തിലാവിഷ്കരിപ്പൂ

പുതുതലമുറയിൽ തന്മയത്വം പകരാനും മാലോകർക്കാകെ ഉദ്ഗതിക്ക് സഹായമാകാനും കഴിയുന്ന അത്തരം ജന്മം ആ നാടിൻറെ ചരിത്രത്തിലെ ചാരുദൃശ്യമാകുമെന്നും കവി ആവേശപൂർവം മൊഴിയുന്നു. അതുകൊണ്ടു തന്നെയാണ് തോൽവിയറിയാത്ത ആ തമ്പുരാൻറെ ജന്മദിനവും വിദ്യാരംഭവും ഒരുമിച്ചുവരുന്ന സന്ദർഭത്തിൽ കുട്ടകവികളെ വൈലോപ്പിള്ളി ഇങ്ങനെ ആഹ്വാനം ചെയ്യുന്നത് :

ദംഭം വിട്ടിന്നു തൃക്കാൽപ്പൊടികൾ തടവുമീ-
പ്പൂഴിയിൽ കാവ്യവിദ്യാ-

രംഭം ചെയ്യട്ടെ വീണ്ടും കവികളിവിടെയെ-
ന്നാലിനിത്തോലിയുണ്ടോ?

കേരളീയൻറെ ഭാവനയ്ക്ക് എക്കാലവും മുങ്ങിത്തപ്പാൻ വ്യാസഭാരതം കൊണ്ട് മററൊരു കടലു തീർത്തുതന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്ന മഹാകവിയോടുള്ള ആദരസൂചകമായി രചിക്കപ്പെട്ട ഈ കവിത ചരിത്രത്തെ ശൈലീവത്ക്കരിച്ചതിലെ പ്രത്യേകതകളിലൂടെ വ്യത്യസ്തത കൈവരിക്കുന്നു. ഭൂതകാലത്തിൻറെ ഊർജ്ജവാഹിനികളെ വർത്തമാനത്തിലേക്ക് തിരിച്ചുവിടുന്ന ഈ വൈലോപ്പിള്ളിക്കവിത വരുംതലമുറകൾക്ക് മുന്നിൽ ആഴമുള്ള വചനങ്ങൾ മൊഴിയുന്ന ചാരുതയാർന്ന സ്മാരകമായി നിലനില്ക്കുമെന്നു പ്രതീക്ഷിക്കാം.

()

**, ളേജ്**